# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ രേഖ

### ആലപ്പുഴ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്

## ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവർ നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ



*അർത്ഥനാധികാരി*

എക്സിക്യൂട്ടീവ് എഞ്ചിനീയർ
കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട്
(KSTP) കൊട്ടാരക്കര

*ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ*

സ്പെഷ്യൽ തഹസിൽദാർ എൽ.എ.
(ജനറൽ)
ആലപ്പുഴ


*സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്*

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി പി.ഒ.,
കളമശ്ശേരി, പിൻ –683104
ഫോൺ: 0484 2911330–332/2550785

rajgirisia@gmail.com
www.rajagirioutreach.in


**26 ഡിസംബർ 2023**

# ഉള്ളടക്കം

**അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു താൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറിങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതിബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസ കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെപരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവനഘടകങ്ങൾ

6.7 കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ടിതമായ പൗരസംഘടനകൾ

6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാകാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 സാമൂഹ്യ പ്രത്യാഘാതലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം**

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം –രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**

1.5.1. പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാതങ്ങൾ

3.1.1. പഠന സംഘം

3.5.1 പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് ബന്ധപ്പെട്ട അധികാരികൾ നൽകിയ മറുപടിയും

5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

7.6.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

കേരളത്തിൽ സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച സ്ഥാപനങ്ങളിലൊന്നാണ് എറണാകുളം ജില്ലയിലെ കളമശേരിയിൽ CMI തിരുഹൃദയ പ്രോവിൻസിൻെറ നേതൃത്വത്തിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്. വിദ്യാഭ്യാസത്തോടൊപ്പം, വിവിധ വിഷയങ്ങളിലുള്ള ഗവേഷണ പഠനങ്ങൾ, പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങൾ തുടങ്ങിയവയും പ്രായോഗിക തലത്തിലുള്ള സാമൂഹ്യ പ്രവർത്തനങ്ങളും രാജഗിരി കോളേജ് നടപ്പിലാക്കിവരുന്നു. RFCTLARR 2013 നിയമം അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് ലഭിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലാ കളക്ടറുടെ 25.11.2023 തീയതിയിലെ വിജ്ഞാപനം നമ്പർ G3-12114/2023 പ്രകാരം കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവർ നിർമ്മാണ പദ്ധതിക്ക് വേണ്ടി ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ ചമ്പക്കുളം വില്ലേജിൽ ഉൾപ്പെടുന്ന 85 സ്ക്വയർ മീറ്റർ ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും (അദ്ധ്യായം:7) ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്

ഡോ.(ഫാ) സാജു എം.ഡി
പ്രിൻസിപ്പാൾ & ചെയർമാൻ (SIA)

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും പൊതു ആവശ്യവും

ഏതൊരു സംസ്ഥാനത്തിൻെറയും പട്ടണത്തിൻെറയും ഗതാഗത സംവിധാനത്തിൻെറ അവിഭാജ്യഘടകമാണ് ഗതാഗത അനുബന്ധ സൗകര്യങ്ങൾ. ആഗോളവത്കരണത്തിൻെറ ആവിർഭാവവും ആഴത്തിലുള്ള അന്താരാഷ്ട്ര ബന്ധങ്ങളും നിലനിൽക്കുന്ന ഇന്ന് സാമ്പത്തിക, സാമൂഹ്യ വികസനത്തിൻെറ ഒരു പ്രധാന ഘടകമായി ഗതാഗതത്തെ കണക്കാക്കപ്പെടുന്നു. ഒരു സംസ്ഥാനത്തിൻെറയോ നഗരത്തിൻെറയോ പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങളെ ഗതാഗതം പ്രതിബിംബിപ്പിക്കുന്നു. വികസനത്തിൻെറ ഈ ആവശ്യം കണക്കിലെടുത്തുകൊണ്ടാണ് കേരള സർക്കാർ സംസ്ഥാനത്തിൻെറ വിവിധ ജില്ലകളിൽ ഗതാഗത അനുബന്ധ സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുന്നത്.

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവീസ് റോഡിൻെറ വീതി കൂട്ടുന്നതിനായുള്ള നിർമ്മാണ പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതാണ് നിലവിലെ പദ്ധതി. കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 25ൽ സർവ്വെ നമ്പർ 296/pt, 297/pt, 298/pt യിൽ ഉൾപ്പെട്ട 85 സ്ക്വയർ മീറ്റർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടറുടെ 25 നവംബർ 2023ലെ G3-12114/2023 നമ്പർ വിഞ്ജാപനം കേരള ഗസറ്റ് 28 നവംബർ 2023 നോട്ടിഫിക്കേഷൻ നമ്പർ 3866-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

വർഷാവർഷമുള്ള മഴയും വെള്ളപ്പൊക്കവും മൂലം നിരന്തരം യാത്രാ പ്രതിസന്ധി നേരിടുന്ന പ്രദേശമായതിനാലും, താരതമ്യേന താഴ്ന്ന ഭൂമിയായതിനാലും വലിയ മഴയ്ക്കു ശേഷം റോഡിൽ വെള്ളക്കെട്ടുണ്ടാകുകയും തന്മൂലം, ആലപ്പുഴയിൽ നിന്നും ചങ്ങനാശേരി വരെയുള്ള റോഡ് ദിവസങ്ങളോളം സഞ്ചാരയോഗ്യമല്ലാതെ കിടക്കുകയും ചെയ്യുന്നതു പതിവാണ്. വീതികുറഞ്ഞ സർവീസ് റോഡുകളും വർദ്ധിച്ചുവരുന്ന ഗതാഗത കുരുക്കും പ്രദേശവാസികളുടെ സുഗമമായ സഞ്ചാരത്തിനു വിലങ്ങുതടിയാണ്. നിലവിൽ പണി കഴിപ്പിച്ചുകൊണ്ടിരിക്കുന്ന മങ്കൊമ്പ് ഫ്ലൈഓവറിനോട് ചേർന്നുള്ള സർവ്വീസ് റോഡ് വീതി കൂട്ടുവാനാണ് നിർദ്ദിഷ്ട പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

പണികഴിച്ചുകൊണ്ടിരിക്കുന്ന ഫ്ലൈഓവറുകളും റോഡുകളും നിലവിലെ യാത്രാക്ലേശം പരിഹരിക്കാനുതകുന്നവയാണ്. എന്നിരുന്നാൽ കൂടി, ഫ്ലൈഓവറുകളോടു ചേർന്നുള്ള ഈ സർവ്വീസ് റോഡിനെ നിരവധി വാഹനങ്ങൾ പ്രത്യേകിച്ചും വലിയ കണ്ടെയ്നർ ഉൾപ്പെടെ യുള്ളവ സ്ഥിരമായി ആശ്രയിക്കുന്നതാണ്. പക്ഷേ, നിലവിലെ സർവ്വീസ് റോഡ് വീതി കുറഞ്ഞതും വലിയ വാഹനങ്ങൾക്ക് കടന്നുപോകാൻ ബുദ്ധിമുട്ടുള്ളതുമാണ്. ഇതിനൊരു ശാശ്വത പരിഹാരമെന്ന നിലയിലാണ് നിലവിലെ സർവീസ് റോഡിനു വീതി കൂട്ടി ഇപ്പോഴ ത്തെ ഗതാഗത തടസങ്ങൾ പരിഹരിക്കാൻ ആണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## 1.2. പദ്ധതി പ്രദേശം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിൽ ചമ്പക്കുളം പഞ്ചായ ത്തിൽ ഉൾപ്പെട്ട ടി പദ്ധതിക്കായി ഏറ്റെടുക്കുന്ന 85 സ്ക്വയർ മീറ്ററിൽ ചെറിയൊരു ഭാഗം (296/ part) റോജിൻ ജോസിൻേറതും അവശേഷിക്കുന്ന മുഴുവൻ ഭാഗവും (297/ part, 298/ part) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) സ്ഥലവുമാണ്.

## 1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

28 നവംബർ 2023 നോട്ടിഫിക്കേഷൻ നമ്പർ 3866 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധ പ്പെടുത്തിയ ആലപ്പുഴ ജില്ലാ കളക്ടറുടെ 25 നവംബർ 2023ലെ G3-12114/2023 നമ്പർ വിഞ്ജാപനം അനുസരിച്ച് മങ്കൊമ്പ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവ്വീസ് റോഡിൻെറ വീതി കൂട്ടുന്നതിനായുള്ള നിർമ്മാണ പദ്ധതിക്ക് വേണ്ടി കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 25 ൽ 296/ part, 297/ part, 298/ part, സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട 85 സ്ക്വയർ മീറ്റർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത വിജ്ഞാപനം അനുസരിച്ച് ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങൾ നിലവും പുരയിടവുമാണ്.

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

പദ്ധതിക്കായി മറ്റ് മാർഗ്ഗങ്ങൾ പരിഗണിച്ചതായി വിവരങ്ങൾ ലഭിച്ചിട്ടില്ല.

## 1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിലവിലെ റോഡ് പുനർനിർമ്മിക്കുകയും ഫ്ലൈഓവർ ഉൾപ്പെടെയുള്ള അനുബന്ധ സൗക ര്യങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നതിലൂടെ പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ

മെച്ചപ്പെടുകയും ഗതാഗതം സുഗമമാകുകയും ചെയ്യും. ടി പദ്ധതിക്കായി ഏറ്റെടുക്കുന്ന 85 സ്കയർ മീറ്ററിൽ ചെറിയൊരു ഭാഗം (296/ part) റോജിൻ ജോസഫിൻേറതും അവശേഷിക്കുന്ന മുഴുവൻ ഭാഗവും (297/ part, 298/ part) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) സ്ഥലവുമാണ്. 2 ഭൂവുടമകൾക്കും കൈവശഭൂമിയുടെ അളവു കുറയുന്നതിനോടൊപ്പം നെല്ല് ഗവേഷണ കേന്ദ്രത്തിൻെറ ചുറ്റുമതിൽ നഷ്ടമാകുകയും ചെയ്യും എന്നതാണ് ഭൂമി ഏറ്റെടുക്കൽ മൂലം ഭൂവുടമകൾക്കുണ്ടാകുന്ന പ്രത്യാഘാതങ്ങൾ.

## 1.6 ലഘൂകരണ നടപടികൾ

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിക്ക് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരം ഉടമയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ ഭൂവുടമയ്ക്കുണ്ടാകുന്ന പ്രത്യാഘാതം ലഘൂകരിക്കാവുന്നതാണ്.

***പട്ടിക 1.5.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | ഗതാഗതം തടസ്സപ്പെടൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാത്ത വിധത്തിൽ മതിയായ മുൻകരുതലുകൾ സ്വീകരിക്കണം |

| | | |
|---|---|---|
| **3** | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/ അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിട യുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.നിർമ്മാണ ഘട്ടത്തിൽ തൊഴിലാളി കളുടെയും പ്രദേശ വാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തു ന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരി ക്കണം |
| **4** | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിട യുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |

# അദ്ധ്യായം 2
# പഠനത്തിൻെറ വിശദ വിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവീസ് റോഡിൻെറ വീതി കൂട്ടുന്നതിനായുള്ള  നിർമ്മാണ പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതാണ് നിലവിലെ പദ്ധതി. കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 25 ൽ സർവ്വെ നമ്പർ 296/pt, 297/pt, 298/pt യിൽ ഉൾപ്പെട്ട 85 സ്ക്വയർ മീറ്റർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടറുടെ 25 നവംബർ 2023ലെ G3-12114/2023 നമ്പർ വിഞ്ജാപനം കേരള ഗസറ്റ് 28 നവംബർ 2023 നോട്ടിഫിക്കേഷൻ നമ്പർ 3866-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. ജനറൽ ആലപ്പുഴ ആയിരിക്കും.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 സെക്ഷൻ 2 ൽ ടി നിയമം ബാധകമായിട്ടുള്ള പൊതു ആവശ്യങ്ങൾ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. മങ്കൊമ്പ് ഫ്ലൈഓവർ നിർമ്മാണത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 2(1)(b) പ്രകാരം ഒരു പൊതു ആവശ്യമാണ്.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവീസ് റോഡിൻെറ വീതി കൂട്ടുന്നതിനു വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ വിഭാവന ചെയ്തിരിക്കുന്നത്. കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 25 ൽ സർവെ നമ്പർ 296/pt, 297/pt, 298/pt യിൽ ഉൾപ്പെട്ട 85 സ്ക്വയർ

മീറ്റർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. നിലവിൽ പണികഴിച്ചുകൊണ്ടിരിക്കുന്ന ഫ്ലൈഓവറുകളും റോഡുകളും നിലവിലെ യാത്രാക്ലേശം പരിഹരിക്കാനുതകുന്നവയാണ്. എന്നിരുന്നാൽ കൂടി, ഫ്ലൈഓവറുകളോടു ചേർന്നുള്ള ഈ സർവീസ് റോഡിനെ നിരവധി വാഹനങ്ങൾ പ്രത്യേകിച്ചും വലിയ കണ്ടെയ്നർ ഉൾപ്പെടെയുള്ളവ സ്ഥിരമായി ആശ്രയിക്കുന്നതാണ്. പക്ഷേ, നിലവിലെ സർവ്വീസ് റോഡ് വീതികുറഞ്ഞതും വലിയ വാഹനങ്ങൾക്ക് കടന്നുപോകാൻ ബുദ്ധിമുട്ടുള്ളതുമാണ്. ഇതിനൊരു ശാശ്വത പരിഹാരമെന്ന നിലയിലാണ് നിലവിലെ സർവ്വീസ് റോഡിനു വീതി കൂട്ടി ഇപ്പോഴത്തെ ഗതാഗത തടസങ്ങൾ പരിഹരിക്കാൻ ആണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ടി പദ്ധതിക്കായി ഏറ്റെടുക്കുന്ന 85 സ്ക്വയർ മീറ്ററിൽ ചെറിയൊരു ഭാഗം (296/ part) റോജിൻ ജോസഫിൻേറതും അവശേഷിക്കുന്ന മുഴുവൻ ഭാഗവും (297/ part, 298/ part) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) സ്ഥലവുമാണ്.

### 2.4. ഇതരമാർഗങ്ങൾ പരിശോധിക്കൽ

മങ്കൊമ്പ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവീസ് റോഡിൻെറ വീതി കൂട്ടുന്നതിനു വേണ്ടിയാണ് ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്, നിലവിൽ വിഭാവന ചെയ്യിരിക്കുന്നതല്ലാതെ മറ്റ് മാർഗങ്ങൾ ഇല്ല എന്ന് മനസിലാക്കുന്നു.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

സർവീസ് റോഡിൻെറ വീതി കൂട്ടുക എന്ന നിലവിലെ പദ്ധതി, ഫ്ലൈഓവർ നിർമ്മാണമെന്ന വലിയ പദ്ധതിയുടെ ഭാഗമായി നടന്നു കൊണ്ടിരിക്കുകയാണ്.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിലവിലെ പദ്ധതി പ്രകാരം 509 മീറ്റർ നീളത്തിലും 5.5 മീറ്റർ വീതിയിലുമാണ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവീസ് റോഡ് നിർമ്മിക്കുന്നത് എന്നിരുന്നാലും 50 മീറ്റർ നീളത്തിൽ മാത്രമാണ് ഭൂമി ഏറ്റെടുക്കുന്നത് എന്ന് അർത്ഥനാധികാരി അറിയിച്ചു.

### 2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതിക്ക് അനുബന്ധ സൗകര്യങ്ങൾ ആവശ്യമായി വരുന്നില്ല

### 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണം നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്

## 2.9. മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്സ് നടത്തിക്കൊണ്ടി രിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖയാണ് ഇത്.

## 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവറി നോടു ചേർന്നുള്ള സർവ്വീസ് റോഡിൻെറ വീതി കൂട്ടുന്നതിനായുള്ള നിർമ്മാണ പദ്ധതിക്ക് വേണ്ടി കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 25 ൽ സർവെ നമ്പർ 296/pt, 297/pt, 298/pt യിൽ ഉൾപ്പെട്ട 85 സ്കചയർ മീറ്റർ ഭൂമി ഏറ്റെടുക്കുന്നതിന് ബാധകമായ നിയമങ്ങളും നയങ്ങളും താഴെ പറയുന്നു.

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനര ധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനര ധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 23.09.2015 തീയതിയിലെ G.O(MS)No.485/ 2015/RD പ്രകാരമുള്ള നയം.

# അദ്ധ്യായം 3
# പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവീസ് റോഡിൻെറ വീതി കൂട്ടുന്നതിനു വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ വിഭാവന ചെയ്തിരിക്കുന്നത്. കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 25 ൽ സർവെ നമ്പർ 296/pt, 297/pt, 298/pt യിൽ ഉൾപ്പെട്ട 85 സ്‌ക്വയർ മീറ്റർ ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ച് ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ് കളമശേരിയെ ചുമതലപ്പെടുത്തിക്കൊണ്ട് ആലപ്പുഴ ജില്ലാ കളക്ടറുടെ 25 നവംബർ 2023ലെ G3-12114/2023 നമ്പർ വിഞ്ജാപനം കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിൻെറ പഠന സംഘം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

## 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി..<br>ചെയർമാൻ എസ്.ഐ.എ (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന, ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ.ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി<br>കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ഫാ. എം.കെ.ജോസഫ് | എം.എസ്.ഡബ്ല്യു, പി.എച്ച്.ഡി<br>കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 19 വർഷത്തെ പ്രവർത്തന പരിചയം |

| | | | |
|---|---|---|---|
| 4 | ഡോ. ഫാ. ഷിൻേറാ ജോസ | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 5 | മീന കുരുവിള | എം.എസ്.ഡബ്ല്യു, കൺസൾട്ടൻറ് | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ഡോ. കിരൺ തമ്പി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. റിസേർച്ച് അസ്സോസിയേ | അദ്ധ്യാപന ഗവേഷണ മേഖലയിൽ 12 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ഡോ. അനിൽ ജോൺ | എം.എസ്.ഡബ്ല്യു, പി.എച്ച്.ഡി. റിസേർച്ച് അസ്സോസിയേറ്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 10 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 9 | അഭിജിത്ത്ലാൽ എൻ.എസ് | എം.എസ്. ഡബ്ല്യു റിസേർച്ച് അസ്സോസിയേറ്റ് | 7 വർഷത്തെ പ്രവർത്തനപരിചയം |
| 10 | ക്യാൻഡിസ് മരിയ പെരേര | എം.എസ്.ഡബ്ല്യു റിസേർച്ച് അസ്സോസിയേറ്റ് | 2 വർഷത്തെ പ്രവർത്തനപരിചയം |
| 11 | ബിനിഷ ഡി | എം.എസ്. ഡബ്ല്യു റിസേർച്ച് അസ്സോസിയേറ്റ് | 2 വർഷത്തെ പ്രവർത്തനപരിചയം |
| 12 | സി.ജിസ്മി ജേക്കബ് | എം.എസ്.ഡബ്ല്യു റിസേർച്ച് അസ്സോസിയേറ്റ് | 1 വർഷത്തെ പ്രവർത്തനപരിചയം |
| 13 | ശരത് റാഫി | ബി.കോം,കമ്പ്യൂട്ടർ ആപ്ലിക്കേഷൻ(ടാ‌ഉ കോ ഓഡിനേറ്റർ(അക്കൗണ്ടൻസ്) | 8 വർഷത്തെ പ്രവർത്തനപരിചയം |
| 14 | ബിൽബിൻ കെ വിത്സൺ | ബി.എസ്.സി ഫിസിക്സ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 4 വർഷത്തെ പ്രവർത്തനപരിചയം |

## 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പദ്ധതിബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പദ്ധതി മൂലമുണ്ടാ യേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരു ത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുന്ന 85 സ്ക്വയർ മീറ്റർ ഭൂമിയിൽ ചെറിയൊരു ഭാഗം (296/ part) റോജിൻ ജോസഫിൻേറതും അവശേഷിക്കുന്ന മുഴുവൻ ഭാഗവും (297/ part, 298/ part) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) സ്ഥലവുമാണ്. ആയതിനാൽ പഠന സംഘം പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിതമാകുന്ന ഭൂമിയുടെ ഉടമകളുമായി പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തിയുമാണ് പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമൂഹിക–സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും ഉടമകളുടെ അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട് (KSTP) കൊട്ടാരക്കര കാര്യാലയത്തിൽ നിന്നും, കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ, ആലപ്പുഴ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതി ബാധിതമാകുന്നവരുടെ എണ്ണം 2 മാത്രമാണ് എന്നതിനാൽ മാതൃകാ പരിശോധനാ രീതി ആവശ്യമായി വരുന്നില്ല.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, ഭൂവുടമകളെ നേരിൽ കണ്ടും ഫോൺ മുഖേനയും പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്തിയ അഭിമുഖത്തിലൂടെയുമാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, പദ്ധതിയെക്കുറിച്ചും ഭൂമി

ഏറ്റെടുക്കലിനെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട് (KSTP) കൊട്ടാരക്കര, കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ, ആലപ്പുഴ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

## 3.5 തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവീസ് റോഡിന്റെ വീതി കൂട്ടുന്നതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിനു ടി നിയമത്തിന്റെ വകുപ്പ് 7(1) പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയതിന്റെ ഭാഗമായി, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസാത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരം 2023 ഡിസംബർ 23-ന് ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് ഹാളിൽ വെച്ച് പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിച്ചു.

രാവിലെ 11 മണിയ്ക്ക് ആരംഭിച്ച ചടങ്ങിൽ ശ്രീ.ബിജു സി. പി, ഡെവലപ്പ്മെൻറ് ഓഫീസർ, എസ്.ഐ.എ.യൂണിറ്റ്, പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരേയും, ഭൂവുടമകൾ ഉൾപ്പെടെയുള്ള പദ്ധതി ബാധിതരേയും പൊതുജനങ്ങളേയും ഔദ്യോഗികമായി സ്വാഗതം ചെയ്തുകൊണ്ട് പബ്ലിക് ഹിയറിങ്ങിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും പബ്ലിക് ഹിയറിങ്ങിന്റെ ഏകോപനം നിർവ്വഹിക്കുകയും ചെയ്തു. ചമ്പക്കുളം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീമതി. മായാദേവി എസ്. പബ്ലിക് ഹിയറിങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ ഈ പദ്ധതിയെ കുറിച്ചും പദ്ധതി പ്രദേശത്തിനുണ്ടാകാൻ പോകുന്ന മാറ്റങ്ങളെകുറിച്ചും സൂചിപ്പിച്ചു. വാർഡ് മെമ്പർമാരായ ശ്രീ.ബെന്നി വർഗ്ഗീസ്, ശ്രീ.ആൻറണി അലക്സ്, ശ്രീ.ബാബു തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ റിസേർച്ച് അസോസിയേറ്റ് ശ്രീ. അഭിജിത്‌ലാൽ എൻ.എസ്. അവതരിപ്പിച്ചു. തുടർന്ന് നടന്ന തുറന്ന ചർച്ചയിൽ പദ്ധതി ബാധിതർ പദ്ധതി രൂപരേഖയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും തങ്ങൾക്കുള്ള അഭിപ്രായങ്ങളും ആശങ്കകളും പങ്ക് വച്ചു.

തുടർന്ന് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട് (KSTP) കൊട്ടാരക്കര, നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിജു കെ ആർ സർവ്വീസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ ആലപ്പുഴ ഓഫീസിൽ നിന്ന് വാല്യുവേഷൻ അസ്സിസ്റ്റൻറ് ശ്രീമതി.ഗംഗ പി നായർ ഭൂമി ഏറ്റെടുക്കൽ നടപളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും, പദ്ധതി ബാധിതരുടെ സംശയങ്ങൾക്ക് മറുപടി നൽകി.

പബ്ലിക് ഹിയറിങ്ങിൽ, പദ്ധതി ബാധിതരായ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൻെറ പ്രതിനിധികൾ പദ്ധതിയോടുള്ള അനുകൂല നിലപാട് വ്യക്തമാക്കുകയും അതൊടോപ്പം തങ്ങളുടെ നഷ്ടമാകുന്ന മതിൽ പുനർനിർമ്മിച്ചു നൽകണമെന്ന ആവശ്യം മുൻപോട്ട് വെക്കുകയും ചെയ്തു. എന്നാൽ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട് (KSTP) എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ബിജു കെ ആർ നഷ്ടമാകുന്ന നിർമ്മിതികൾക്കു ന്യായമായ നഷ്ടപരിഹാരം ലഭിക്കുമെന്നും, പക്ഷേ മതിൽ പുനർനിർമ്മിച്ചു നൽകുവാൻ സാധിക്കുകയില്ല എന്നും അറിയിച്ചു. മറ്റൊരു പദ്ധതിബാധിതനായ ശ്രീ. റോജിൻ ജോസ് തൻെറ നഷ്ടമാകുന്ന സ്ഥലത്തിനു എത്ര നഷ്ടപരിഹാരം ലഭിക്കുമെന്നും, എങ്ങനെയാണു വില നിശ്ചയിക്കുന്നത് എന്ന് അറിയില്ല എന്നും ആശങ്ക പങ്കു വെച്ചു. ഇതിനു മറുപടിയായി സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ ആലപ്പുഴ ഓഫീസിൽ നിന്ന് വാല്യുവേഷൻ അസ്സിസ്റ്റൻറ് ശ്രീമതി. ഗംഗ പി നായർ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കുമെന്നും, വില നിശ്ചയിക്കുന്ന പ്രക്രിയയും വിശദമാക്കി. യോഗം ഉച്ചക്ക് കൃത്യം 1.00 ന് അവസാനിച്ചു. എസ്.ഐ.എ. യൂണിറ്റ് റിസേർച്ച് അസോസിയേറ്റ് ശ്രീ. അഭിജിത്‌ലാൽ എൻ.എസ്. പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്കും പദ്ധതി ബാധിതർക്കും നന്ദി പറഞ്ഞു.

പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ പങ്കുവെച്ച ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മറുപടികളും പട്ടിക 3.5.1 ൽ നൽകിയിരിക്കുന്നു

### 3.5.1 പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് ബന്ധപ്പെട്ട അധികാരികൾ നൽകിയ മറുപടിയും

| നമ്പർ | അഭിപ്രായം ഉന്നയിച്ച വ്യക്തി, സർവ്വേ നമ്പർ | അഭിപ്രായം | ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മറുപടി |
|---|---|---|---|
| 1 | മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം പ്രതിനിധി<br><br>297/part, 298/part | പദ്ധതിയോടുള്ള അനുകൂല നിലപാടാണുള്ളത് അതൊടോപ്പം തങ്ങളുടെ നഷ്ടമാകുന്ന മതിൽ പുനർനിർമ്മിച്ചു നൽകണമെന്ന ആവശ്യം മുൻപോട്ട് വെക്കുന്നു. | ഭൂമിയോ വീടോ മറ്റു നിർമ്മിതികളോ നഷ്ടപ്പെടുന്നുണ്ടെങ്കിൽ RFCTLARR Act 2013 പ്രകാരം നഷ്ട പരിഹാരം നൽകുന്നതാണ് പക്ഷേ മതിൽ പുനർനിർമ്മിച്ചു നൽകുവാൻ സാധിക്കുകയില്ല.<br>(ശ്രീ. ബിജു കെ ആർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട് (KSTP)) |
| 2 | റോജിൻ ജോസഫ്<br><br>296/part | തൻെറ നഷ്ടമാകുന്ന സ്ഥലത്തിനു എത്ര നഷ്ടപരിഹാരം ലഭിക്കുമെന്നും, എങ്ങനെയാണു വില നിശ്ചയിക്കുന്നത് എന്ന് അറിയണമെന്നുണ്ട് | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. (ശ്രീമതി.ഗംഗ പി നായർ, വാല്യുവേഷൻ അസ്സിസ്റ്റൻറ്, സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ ആലപ്പുഴ) |








# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവ്വീസ് റോഡിൻെറ വീതി കൂട്ടുന്നതിനായുള്ള നിർമ്മാണ പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതാണ് നിലവിലെ പദ്ധതി. വർഷാവർഷമുള്ള മഴയും വെള്ളപ്പൊക്കവും മൂലം നിരന്തരം യാത്രാ പ്രതിസന്ധി നേരിടുന്ന പ്രദേശമായതിനാലും, താരതമ്യേന താഴ്ന്ന ഭൂമിയായതിനാലും നിലവിലെ റോഡ് നിരപ്പ് ഉയർത്തുകയും ഫ്ലൈഓവർ പോലെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതും സർവ്വീസ് റോഡിൻെറ വീതി കൂട്ടുന്നതും അനിവര്യമാണ്. കേരളത്തിൻെറ നെല്ലറ എന്നറിയപ്പെടുന്ന കുട്ടനാടിൽ സ്ഥിതി ചെയ്യുന്ന നെല്ല് ഗവേഷണ കേന്ദ്രത്തിൻെറയും, റോജിൻ ജോസിൻേറയും, 85 സ്ക്വയർ മീറ്റർ സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്.

## 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

നിലവിലെ റോഡ് പുനർനിർമ്മിക്കുകയും ഫ്ലൈഓവർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ നിർമ്മിക്കുകയും സർവ്വീസ് റോഡിൻെറ വീതി കൂട്ടുകയും ചെയ്യുന്നതിലൂടെ പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുകയും ഗതാഗതം സുഗമമാകുകയും ചെയ്യും. ടി പദ്ധതിക്കായി ഏറ്റെടുക്കുന്ന 85 സ്ക്വയർ മീറ്ററിൽ ചെറിയൊരു ഭാഗം (296/ part) റോജിൻ ജോസിൻേറതും അവശേഷിക്കുന്ന മുഴുവൻ ഭാഗവും (297/ part, 298/ part) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) സ്ഥലവുമാണ്. 2 ഭൂവുടമകൾക്കും കൈവശഭൂമിയുടെ അളവു കുറയുന്നതിനോടൊപ്പം നെല്ല് ഗവേഷണ കേന്ദ്രത്തിൻെറ ചുറ്റുമതിൽ നഷ്ടമാകുകയും ചെയ്യും എന്നതാണ് ഭൂമി ഏറ്റെടുക്കൽ മൂലം ഭൂവുടമകൾക്കുണ്ടാകുന്ന പ്രത്യാഘാതങ്ങൾ.

### 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

ആലപ്പുഴ ജില്ലാ കളക്ടറുടെ 25 നവംബർ 2023ലെ G3-12114/2023 നമ്പർ വിഞ്ജാപനം കേരള ഗസറ്റ് 28 നവംബർ 2023 നോട്ടിഫിക്കേഷൻ നമ്പർ 3866 അനുസരിച്ച് പദ്ധതിക്ക് വേണ്ടി 85 Sq. Meter ഭൂമിയാണ് ആവശ്യമായ് വരുന്നത്.

### 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോ ഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പദ്ധതിപ്രദേശത്ത് പൊതുവായി ഉപയോഗിക്കുന്ന സ്ഥലം ഒന്നുമില്ല.

### 4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

### 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

ആലപ്പുഴ ജില്ലാ കളക്ടറുടെ 25 നവംബർ 2023ലെ G3-12114/2023 നമ്പർ വിഞ്ജാപനം കേരള ഗസറ്റ് 28 നവംബർ 2023 നോട്ടിഫിക്കേഷൻ നമ്പർ 3866 അനുസരിച്ച് പദ്ധതിക്ക് വേണ്ടി 85 Sq. Meter ഭൂമിയാണ് ആവശ്യമായ് വരുന്നത്. ടി ഭൂമി ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 25 ൽ ഉൾപ്പെടുന്നു. ടി പദ്ധതിക്കായി ഏറ്റെടുക്കുന്ന 85 സ്ക്വയർ മീറ്ററിൽ ചെറിയൊരു ഭാഗം (296/ part) റോജിൻ ജോസിൻേറതും അവശേഷിക്കുന്ന മുഴുവൻ ഭാഗവും (297/ part, 298/ part) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) സ്ഥലവുമാണ്

### 4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

പദ്ധതി പ്രദേശം ഉടമ ഗവേഷണ ആവശ്യത്തിനായി ഉപയോഗിക്കുന്നു. അതായത് കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ഭൂമി ഏറ്റെടുക്കൽ ടി സ്ഥാപനത്തിൻെറ പ്രവർത്തനത്തെ ബാധിക്കുന്നില്ല. രണ്ടാമത്തെ ഉടമയായ റോജിൻ ജോസിൻെറ കൈവശ ഭൂമിയുടെ ചെറിയൊരു ഭാഗവും മാത്രമാണ് പ്രദേശത്തുള്ളത്.

## 4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിപ്രദേശത്ത് ഉടമയ്ക്ക് കൈവശമായിട്ടുള്ള ഭൂമിയിൽ നിന്ന് ഏകദേശം 85 Sq. Meter ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്. ടി സ്ഥലം ഒരു ഉടമ ഗവേഷണ ആവശ്യത്തിനായി ഉപയോഗിക്കുന്നു. രണ്ടാമത്തെ ഉടമയായ റോജിൻ ജോസിൻെറ കൈവശ ഭൂമിയുടെ ചെറിയൊരു ഭാഗവും മാത്രമാണ് പ്രദേശത്തുള്ളത്. ഇവിടെ വീടില്ല.

## 4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിതമാകുന്ന ഭൂമിയിൽ കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല

# അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പദ്ധതി മൂലം പ്രത്യാഘാത ബാധിതരാകുന്നവരുടെ വിവരങ്ങളും പ്രദേശത്തെ ആസ്തികളുടെ വിവരങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

## 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിതരായും, ഉപജീവനത്തിനോ, താമസത്തിനോ, മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. എന്നാൽ നിർദ്ദിഷ്ട പദ്ധതിക്ക് പ്രത്യക്ഷ ആഘാതം മാത്രമാണുള്ളത്.

### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിതർ

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിൽ ചമ്പക്കുളം പഞ്ചായത്തിൽ ഉൾപ്പെട്ട തൃശൂർ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) പേരിലുള്ള സ്ഥലവും റോജിൻ ജോസിൻെറ കൈവശ ഭൂമിയുടെ ചെറിയൊരു ഭാഗവും ആണ് പദ്ധതി നിർവ്വഹണത്തിനായി ഏറ്റെടുക്കുന്നത്. ടി പദ്ധതിക്കായി ഏറ്റെടുക്കുന്ന 85 സ്ക്വയർ മീറ്ററിൽ ചെറിയൊരു ഭാഗം (296/ part) റോജിൻ ജോസിൻേറതും അവശേഷിക്കുന്ന മുഴുവൻ ഭാഗവും (297/ part, 298/ part) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) സ്ഥലവുമാണ്. 2 ഭൂവുടമകൾക്കും കൈവശഭൂമിയുടെ അളവു കുറയുന്നതിനോടൊപ്പം നെല്ല് ഗവേഷണ കേന്ദ്രത്തിൻെറ ചുറ്റുമതിൽ നഷ്ടമാകുകയും ചെയ്യും എന്നതാണ് ഭൂമി ഏറ്റെടുക്കൽ മൂലം ഭൂവുടമകൾക്കുണ്ടാകുന്ന പ്രത്യാഘാതങ്ങൾ.

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| നമ്പർ | ഉടമയുടെ പേരും അഡ്രസ്സും | സർവ്വേ നമ്പർ | പ്രത്യാഘാതങ്ങൾ |
|---|---|---|---|
| 1 | രജിസ്ട്രാർ,<br>അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി<br>ത്രിശ്ശൂർ<br>(മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) | 297/part,<br>298/ part | സ്ഥലം നഷ്ടമാകുന്നു<br>ചുറ്റുമതിൽ നഷ്ടമാകുന്നു |
| 2 | റോജിൻ ജോസ്<br>കാഞ്ഞൂപറമ്പിൽ<br>തെക്കേക്കര, മങ്കൊമ്പ്<br>ആലപ്പുഴ | 296/part | സ്ഥലം നഷ്ടമാകുന്നു |

## 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസി കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

## 5.3. പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

പൊതു വിഭവങ്ങൾ പദ്ധതിബാധിതമാകുന്നില്ല

### 5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

## 5.5. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

ബാധകമല്ല

## 5.6. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

## 5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിത രാകുന്നവർ)

പദ്ധതിക്ക് പരോക്ഷ ആഘാതബാധിതരില്ല

## 5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

ഏറ്റെടുക്കുന്ന ഭൂമിയിൽ ഫലദായക വസ്തുക്കൾ ഇല്ല

# അദ്ധ്യായം 6
# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

## 6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിൽ ചമ്പക്കുളം പഞ്ചായത്തിൽ ഉൾപ്പെട്ട തൃശൂർ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) പേരിലുള്ള സ്ഥലവും റോജിൻ ജോസിൻെറ കൈവശ ഭൂമിയുടെ ചെറിയൊരു ഭാഗവും ആണ് പദ്ധതി നിർവഹണത്തിനായി ഏറ്റെടുക്കുന്നത്. പദ്ധതി പ്രദേശത്ത് ജനവാസമില്ല

## 6.2. വരുമാനവും ദാരിദ്ര്യതലവും

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിൽ ചമ്പക്കുളം പഞ്ചായത്തിൽ ഉൾപ്പെട്ട തൃശൂർ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) പേരിലുള്ള സ്ഥലവും റോജിൻ ജോസിൻെറ കൈവശ ഭൂമിയുടെ ചെറിയൊരു ഭാഗവും ആണ് പദ്ധതി നിർവഹണത്തിനായി ഏറ്റെടുക്കുന്നത്.

## 6.3. ദുർബല ജനവിഭാഗം

ബാധകമല്ല

## 6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതിപ്രദേശം തൃശൂർ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) പേരിലുള്ള സ്ഥലവും റോജിൻ ജോസിൻെറ കൈവശ ഭൂമിയുടെ ചെറിയൊരു ഭാഗവും ആണ്

## 6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങളെ ഒന്നും പദ്ധതി ബാധിതമാകുന്നില്ല

## 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രാദേശിക ഉപജീവനഘടകങ്ങൾ പദ്ധതി ബാധിതമാകുന്നില്ല

## 6.7. കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

ബാധകമല്ല

### 6.8. ഭരണ സംഘടനകൾ

ഭരണ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

### 6.9. രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

### 6.10. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

### 6.11. പ്രാദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

പ്രദേശത്തിൻെറ പ്രദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയയെ പദ്ധതി ബാധിക്കുന്നില്ല

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശവാസികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ എളുപ്പത്തിൽ പ്രാപ്യമാണ്.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

## 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഏതെങ്കിലും പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമകൾക്കും, ടി പ്രദേശത്തെ വിവിധ ആവശ്യങ്ങൾക്കായി ആശ്രയിക്കുന്നവർക്കും പല വിധത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ട്. ടി പദ്ധതിക്കായി ഏറ്റെടുക്കുന്ന 85 സ്ക്വയർ മീറ്ററിൽ ചെറിയൊരു ഭാഗം (296/ part) റോജിൻ ജോസിൻേറതും അവശേഷിക്കുന്ന മുഴുവൻ ഭാഗവും (297/ part, 298/ part) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) സ്ഥലവുമാണ്. 2 ഭൂവുടമകൾക്കും കൈവശഭൂമിയുടെ അളവു കുറയുന്നതിനോടൊപ്പം നെല്ല് ഗവേഷണ കേന്ദ്രത്തിൻെറ ചുറ്റുമതിൽ നഷ്ടമാകുകയും ചെയ്യും എന്നതാണ് ഭൂമി ഏറ്റെടുക്കൽ മൂലം ഭൂവുടമകൾക്കുണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്ന് മനസിലാക്കുന്നു. പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിയമാനുസൃത നടപടി കളുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് നിലവിൽ നടക്കുന്നത്. പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിക്കുകയും ഗവേഷണ കേന്ദ്രത്തിൻെറ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിൽ കണ്ടും, ഫോണിലൂടെയും പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സാമൂഹിക-സാമ്പത്തിക പശ്ചാത്തലം, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ തുടങ്ങിയ വിവരങ്ങൾ ശേഖരി ക്കുകയും ചെയ്തു.

പഠനത്തിൻെറ അടുത്ത ഘട്ടമായി 23/12/2023 തീയതി പകൽ 11 ന് ചമ്പക്കുളം പഞ്ചായത്ത് ഹാളിൽ വച്ച് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തി. പഠന സംഘം പദ്ധതി പ്രദേശം സന്ദർശിച്ചും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് തയ്യാറാക്കി പഠന ഏജൻസിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി യതും, പ്രദേശത്തെ തദ്ദേശ ഭരണകാര്യാലയത്തിലുൾപ്പടെ ലഭ്യമാക്കിയതുമായ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരി പ്പിച്ചു. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഭൂവുടമയ്ക്ക് ഭൂമി

ഏറ്റെടുക്കൽ നടപടികളെക്കുറിച്ച് തനിക്കുള്ള അഭിപ്രായങ്ങളും ആശങ്കകളും പങ്ക് വയ്ക്കുന്നതിന് അവസരം നൽകി.

### 7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവറി നോടു ചേർന്നുള്ള സർവീസ് റോഡിൻെറ വീതി കൂട്ടുന്നതിനായുള്ള നിർമ്മാണ പദ്ധതിക്ക് വേണ്ടി കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 25 ൽ സർവ്വെ നമ്പർ 296/pt, 297/pt, 298/pt യിൽ ഉൾപ്പെട്ട 85 സ്ക്വയർ മീറ്റർ ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരവും ഭൂവുടമയ്ക്ക് നഷ്ടപരിഹാരം നൽകുക.

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസ ത്തിനും പുനഃസ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടിക്രമങ്ങൾ

കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിന്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്ത് നിലവിൽ വന്ന കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരം നടപടികൾ സ്വീകരി ക്കേണ്ടതാണ്

### 7.4. പദ്ധതി രേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

ബാധകമല്ല

## 7.5. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കു വാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

രൂപരേഖയിൽ മാറ്റം ആവശ്യമായി വരുന്നില്ല

## 7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളി ച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയ ക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ G.O(MS)No. 485/ 2015/RD പ്രകാരം ഭൂവുടമയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവും നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വില നിയമാ ധിഷ്ടിതമായ മറ്റ് ആനുകൂല്യ ങ്ങളും നൽകുന്നു എന്ന് ഭൂവുടമയെ ബോധ്യപ്പെടുത്തൽ |
| 2 | നിർമ്മാണമാലിന്യങ്ങൾ മൂലം പരിസര മലിനീകരണം | നിർമ്മാണമാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ഠിതവുമായ നിർമ്മാർജനം നിർമ്മാണഘട്ടത്തിനുമുൻപേ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക | | പദ്ധതി മൂലം പ്രദേശത്തിന്റെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

## 7.7. സാമൂഹ്യ പ്രത്യാഘാഘ ലഘൂകരണത്തിനായ് അർത്ഥനാധി കാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

ബാധകമല്ല

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം

## 8.1. ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ലെ ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതിബാധിത കുടുംബങ്ങൾക്കുള്ള പുന:രധിവാസ പുന:സ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുന:രധിവാസ-പുന:സ്ഥാപന കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. നിർദ്ദിഷ്ടപദ്ധതിയുടെ RFCTLARR നിയമം 2013 പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജനറൽ) ആലപ്പുഴയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ അർത്ഥനാധികാരി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട് (KSTP) കൊട്ടാരക്കര ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന: രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ഉം 23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളായിരുന്നു ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും, സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് G.O.(MS)No.56/2019/RD.പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി. ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുന:രധിവാസ–പുന:സ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിൻമേൽ ജില്ലാകളക്ടർ അംഗീകാരം നൽകണം. പദ്ധതി ബാധിതരുടെ രേഖകൾ പരിശോധിച്ച്, സ്ഥല പരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി, ആവശ്യമായ ഭേദഗതികൾ വരുത്തി, തയ്യാറാക്കപ്പെട്ട്, ജില്ലാകളക്ടറുടെ അംഗീകാരം നേടിയ ഭൂമി വിലയും, 9/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ–പുനസ്ഥാപന പാക്കേജ് പ്രകാരമുള്ള തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ വൃക്ഷങ്ങളുടെ വില, മറ്റ് ആസ്തികളുടെ വില എന്നിവയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതിബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതിബാധിത വ്യക്തിയുടെ/ കുടുംബ ത്തിന്റെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാകളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുന:രധിവാസ–പുന:സ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

## 8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളേയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത

യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 ന്റെ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് കളമശ്ശേരിയെ ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവീസ് റോഡിന്റെ വീതി കൂട്ടുന്നതിനായുള്ള നിർമ്മാണ പദ്ധതിക്ക് വേണ്ടി കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 25 ൽ സർവെ നമ്പർ 296/pt, 297/pt, 298/pt യിൽ ഉൾപ്പെട്ട 85 സ്ക്വയർ മീറ്റർ ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് 25.11.2023 തീയതിയിലെ ജി3-12114/2023 വിജ്ഞാപനത്തിലൂടെ ആലപ്പുഴ ജില്ലാകളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

## 8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

## 8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9
# സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

നിർദ്ദിഷ്ട പദ്ധതിക്ക് പുനരധിവാസവും പുന:സ്ഥാപനവും ആവശ്യമില്ല

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല.

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ ന്യായമായ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ടിതമായ നഷ്ടപരിഹാര നടപടികൾ

## 10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ടകർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ.(ജനറൽ) ആലപ്പുഴയാണ്. പദ്ധതിയുടെ അർത്ഥനാധികാരി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട് (KSTP) കൊട്ടാരക്കര ആണ്.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

## 11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവീസ് റോഡിൻെറ വീതി കൂട്ടുന്നതിനായുള്ള നിർമ്മാണ പദ്ധതിക്ക് വേണ്ടി കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 25 ൽ സർവെ നമ്പർ 296/pt, 297/pt, 298/pt യിൽ ഉൾപ്പെട്ട 85 സ്ക്വയർ മീറ്റർ ഭൂമി ആണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിൽ ചമ്പക്കുളം പഞ്ചായത്തിൽ ഉൾപ്പെട്ട ടി പദ്ധതിക്കായി ഏറ്റെടുക്കുന്ന 85 സ്ക്വയർ മീറ്ററിൽ ചെറിയൊരു ഭാഗം (296/ part) റോജിൻ ജോസിൻേറതും അവശേഷിക്കുന്ന മുഴുവൻ ഭാഗവും (297/ part, 298/ part) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം) സ്ഥലവുമാണ്. 2 ഭൂവുടമകൾക്കും കൈവശഭൂമിയുടെ അളവു കുറയുന്നതിനോടൊപ്പം നെല്ല് ഗവേഷണ കേന്ദ്രത്തിൻെറ ചുറ്റുമതിൽ നഷ്ടമാകുകയും ചെയ്യും എന്നതാണ് ഭൂമി ഏറ്റെടുക്കൽ മൂലം ഭൂവുടമകൾക്കുണ്ടാകുന്ന പ്രത്യാഘാതങ്ങൾ.

പ്രദേശവാസികൾ നേരിടുന്ന യാത്രാക്ലേശം പരിഹരിക്കപ്പെടുന്നതിനോടൊപ്പം സമീപ പ്രദേശങ്ങളിലെ കച്ചവട സ്ഥാപനങ്ങളിലേക്കു വരുന്ന വലിയ വാഹനങ്ങൾ ഉൾപ്പെടെയുള്ളവയുടെ യാത്ര സുഗമമാക്കുന്നതിനു നിർദ്ധിഷ്ട പദ്ധതിമൂലം സാധ്യമാകുന്നു എന്നതിനാൽ ഉടമകൾക്ക് ഭൂമി ഏറ്റെടുക്കലിനോട് അനുകൂല മനോഭാവമാണുള്ളത്. ആയതിനാൽ RFCTLARR നിയമം 2013 ഉം അനുബന്ധമായ പോളിസി പ്രകാരവുമുള്ള നഷ്ടപരിഹാര നടപടികളിലൂടെ ഭൂവുടമക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ ലഘൂകരിക്കാവുന്നതാണ്

## 11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ

ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No.485/2015/RD പോളിസി പ്രകാരവും ഭൂവുടമകൾക്ക് നഷ്ട പരിഹാരം നൽകികൊണ്ട് ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ മങ്കൊമ്പ് ഫ്ലൈഓവറിനോടു ചേർന്നുള്ള സർവീസ് റോഡിൻെറ വീതി കൂട്ടുന്നതിനായുള്ള നിർമ്മാണ പദ്ധതിക്ക് വേണ്ടി കുട്ടനാട് താലൂക്കിലെ ചമ്പക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 25 ൽ സർവെ നമ്പർ 296/pt, 297/pt, 298/pt യിൽ ഉൾപ്പെട്ട 85 സ്കയർ മീറ്റർ ഭൂമി ഏറ്റെടുക്കൽ പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന ഏജൻസി ശുപാർശ ചെയ്യുന്നു.

### സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ (ബി) വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട്, കൊട്ടാരക്കര കാര്യാലയത്തിൽ നിന്നും ലഭിച്ച പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ